**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 348** **06-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്ര സർക്കാർ സഹകരണ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഏതെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ സുതാര്യവുമല്ലാത്തതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷപം തിരികെ ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന സംവിധാനങ്ങൾ നിലവിലില്ല.<br><br>താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.<br><br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.<br>2. സൊസൈറ്റികളുടെ പ്രവർത്തണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.<br>3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു. |

4. നിർജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ് ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനു വേണ്ടി ഒരു ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- **<u>ഡാറ്റാ ബേസ്</u>** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യ തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിലൊരു ഡേറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ്

| | | | |
|---|---|---|---|
| | | | അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേക്ക് നൽകുകയും ചെയ്തു.<br>• കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.<br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br>2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br>എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.<br>സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | കേന്ദ്ര സർക്കാർ ഇത് സംസ്ഥാനത്ത് നടപ്പാക്കുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്ന വിവരം ലഭിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സഹകരണ മേഖലയെ സംബന്ധിച്ച എന്തൊക്കെ വിവരങ്ങളാണ് കേന്ദ്ര സർക്കാർ | (ബി) | കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി |

ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ സുതാര്യവുമല്ലാത്തതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷപം തിരികെ ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന സംവിധാനങ്ങൾ നിലവിലില്ല.

താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.
2. സൊസൈറ്റികളുടെ പ്രവർത്തണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.
3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.
4. നിർജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര

സർവ്വറിലേയ്ക്ക് അപ് ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനു വേണ്ടി ഒരു ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- **ഡാറ്റാ ബേസ്** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യ തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിലൊരു ഡേറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേക്ക് നൽകുകയും ചെയ്തു.
- കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി
2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി
3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം

എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന

| | | | |
|---|---|---|---|
| | | | സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.<br><br>സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (സി) | കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അതിനാൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം സംസ്ഥാനതലത്തിൽ നിയന്ത്രിക്കുന്നതിനായി യാതൊരു സംവിധാനങ്ങളും നിലവിലില്ല. പ്രസ്തുത സംഘങ്ങൾ ഒരു മാനദണ്ഡവുമില്ലാതെ നിക്ഷേപം സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു. കൂടാതെ ഇവയുടെ പ്രവർത്തനങ്ങൾ ഒന്നുംതന്നെ സുതാര്യവുമല്ലാത്തതിനാൽ നിക്ഷേപകർക്ക് അവരുടെ നിക്ഷപം തിരികെ ലഭിക്കുമെന്ന് ഉറപ്പുനൽകുന്ന സംവിധാനങ്ങൾ നിലവിലില്ല.<br><br>താഴെ പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമം പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ളത്.<br><br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ഇലക്ഷൻ നടത്തുന്നതിന് ഒരു കോ-ഓപ്പറേറ്റീവ് ഇലക്ഷൻ അതോറിറ്റി രൂപീകരിക്കുന്നതിന് ബിൽ വിഭാവനം ചെയ്യുന്നു.<br>2. സൊസൈറ്റികളുടെ പ്രവർത്തണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര വേദി രൂപീകരിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു. |

3. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ രണ്ടായി പിരിക്കുന്നതിനും രണ്ട് സംഘങ്ങളെ സംയോജിപ്പിക്കുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു.
4. നിർജീവാവസ്ഥയിലുള്ള സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാൻ പുതിയ നിയമം വ്യവസ്ഥ ചെയ്യുന്നു.

മേൽ പരിഷ്കാരങ്ങളിലൂടെ സഹകരണ രംഗത്ത് ഒരു സമാന്തരപാത വെട്ടിത്തുറക്കുന്നതിനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഇത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ നിലനിൽപ്പിനും അശാസ്ത്രീയ മത്സരത്തിനും വഴിയൊരുക്കുന്നതുമാണ്.

- സംസ്ഥാന സഹകരണ സ്ഥാപനങ്ങളെ നേരായ മാർഗ്ഗത്തിലല്ലാതെ നിയന്ത്രിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ് ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാർ രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത ബൈ ലോ നടപ്പിലാക്കുന്നതിനു വേണ്ടി ഒരു ബൈ ലോ എല്ലാ സംസ്ഥാനങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ബൈ ലോ തയ്യാറാക്കാൻ അധികാരമുള്ളൂ. അതിനാൽ ഇത്തരം നീക്കങ്ങൾ സഹകരണ തത്വങ്ങൾക്ക് വിരുദ്ധമാണ്.
- **<u>ഡാറ്റാ ബേസ്</u>** : രാജ്യത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സഹകരണ മന്ത്രാലയം നൽകിയിരുന്നു. രാജ്യത്തെ ഇത്തരം സംഘങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ കർഷകർക്കും മത്സ്യ

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിലൊരു ഡേറ്റാ ബേസ് തയ്യാറാക്കുന്നത് എന്നാണ് അറിയിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ മുഴുവൻ സംസ്ഥനങ്ങളുടെയും സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ പ്രസ്തുത ഡാറ്റാ ബേസിലേക്ക് നൽകുകയും ചെയ്തു.<br>• കേന്ദ്ര സർക്കാർ സഹകരണ മേഖലയിലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് ദേശീയതലത്തിൽ 3 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.<br>1. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എക്സ്പോർട്ട് സൊസൈറ്റി<br>2. ദേശീയതല മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സീഡ് സൊസൈറ്റി<br>3. ജൈവ ഉത്പന്നങ്ങൾക്കുള്ള ദേശീയതല സഹകരണ സംഘം<br><br>എന്നിവയാണ് രൂപീകരിക്കാൻ തീരുമാനിച്ച പുതിയ സംഘങ്ങൾ. ഇവയുടെ പ്രവർത്തനം രാജ്യവ്യാപകമാണ്. ഇപ്രകാരം രൂപീകരിക്കുന്ന സംഘങ്ങളിൽ സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങൾ അംഗത്വമെടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ സംഘങ്ങൾ മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ അംഗത്വം എടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിൽ ആക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നു.<br><br>സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ഭരണഘടന നിഷ്കർഷിക്കുകയും സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പേരിൽ സ്ഥാപനങ്ങൾ ആരംഭിച്ച് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ നിയമപരമല്ലാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം സമീപനങ്ങളെ നിയമപരമായും രാഷ്ട്രീയപരമായും നേരിടുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | സഹകരണ സംഘങ്ങൾക്കായി കേന്ദ്ര തലത്തിൽ | (ഡി) | കേന്ദ്രസർക്കാർ രാജ്യവ്യാപകമായിപ്രാഥമിക |

| | | | |
|---|---|---|---|
| | ഏകീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ സംസ്ഥാനത്തെ സഹകാരികളുടെ വ്യക്തി വിവരങ്ങൾ കൈമാറുന്നത് മുഖേന സഹകരണ മേഖലയിലുണ്ടാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമാക്കാമോ? | | കാർഷിക വായ്പ സംഘങ്ങളിൽ കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏകീകൃത സോഫ്റ്റ്‌വെയർ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയും ചെയ്തിട്ടുണ്ട്. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് സംബന്ധിച്ച രൂപരേഖയാണ് ലഭ്യമായിട്ടുള്ളത്. ആയതുപ്രകാരം കേന്ദ്ര സർക്കാർ ടെൻഡർനടപടികളിലൂടെ ഒരു സോഫ്റ്റ്‌വെയർ/ ഡാറ്റാ വെൻഡറെ തെരഞ്ഞെടുക്കുകയും, അവർ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ഇതിനായി ഉപയോഗിക്കുകയും ചെയ്യും. ടി പദ്ധതിയിൽ ചേരുന്ന സംസ്ഥാനങ്ങളിലെ സംഘങ്ങൾക്ക് കേന്ദ്ര സർക്കാർ സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്.<br><br>സംസ്ഥാനത്തിലെ നിലവിലുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വൈവിധ്യപൂർണമായ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സോഫ്റ്റ്‌വെയറിൽ ലഭ്യമാകുമോയെന്നത് സംബന്ധിച്ച് നിലവിൽ വ്യക്തതയില്ല. ഭാവിയിൽ പദ്ധതി സംബന്ധിച്ച തുടർച്ച, സാങ്കേതികമായ വിവരങ്ങൾ തുടങ്ങിയവ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള വിവരങ്ങളിൽ നിലവിൽ ലഭ്യമല്ല. സംഘങ്ങളുടെ സാമ്പത്തിക വിവരങ്ങൾ സംബന്ധിച്ചുള്ള നിർണായകമായ വിവരങ്ങളിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കഴിയുമോ എന്നതിലും നിലവിൽ വ്യക്തതയില്ല. സംഘങ്ങളുടെ ഡാറ്റ വിവിധ ഏജൻസികളുടെ ആവശ്യത്തിനായി ലഭ്യമാക്കുന്നതാണെന്ന വ്യവസ്ഥ സഹകാരികളുടെയും അംഗങ്ങളുടെയും ഉത്തമതാൽപര്യത്തിന് വിരുദ്ധവുമാണെന്ന ആശങ്ക നിലനിൽക്കുന്നു.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ